## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1570** **04.10.2016 ൽ മറുപടിക്ക്.**

### അനധികൃത താമസകേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോ എബ്രഹാം** | **ഡോ.റ്റി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് പ്രധാന ആശുപത്രികളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിസരത്ത്, വിദേശികൾ ഉൾപ്പെടെയുള്ളവർക്ക് അനധികൃത താമസം നൽകുന്നത് വർദ്ധിച്ചു വരുന്നതും ഇതുമൂലമുള്ള നികുതി ചോർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത്തരം താമസകേന്ദ്രങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | ബി) അഞ്ചോ അതിൽ കൂടുതലോ മുറികളുള്ളതും പ്രതിദിനം മുറിവാടക 400/- രൂപയിൽ കൂടുതൽ ഈടാക്കുകയും ചെയ്യുന്ന ലോഡ്ജുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ ആഡംബര നികുതി നിയമ പ്രകാരം രജിസ്ട്രേഷനെടുത്ത് പ്രതിമാസം റിട്ടേൺ നൽകേണ്ടതാണ്.<br>ആശുപത്രികളുടെയും വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും പരിസരത്ത് റിസോർട്ട്, ഹോട്ടൽ മുതലായവ അല്ലാതെയുള്ള താമസ സ്ഥലങ്ങൾ ഹോം സ്റ്റേ, സർവ്വീസ്ഡ് അപ്പാർട്ട്മെന്റ്സ്, വില്ല എന്നീ ഗണങ്ങളിൽ |

ഉൾപ്പെടുന്നവയാണ്. ആയതിന് കേരള ആഢംബര നികുതി നിയമം അനുസരിച്ച് നികുതി നൽകേണ്ടതായിട്ടുള്ളതിനാൽ ഇത്തരം താമസകേന്ദ്രങ്ങളെ സംബന്ധിച്ച് ലഭ്യമാകുന്ന വിവരങ്ങളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ച് ആഢംബര നികുതി ഈടാക്കാറുണ്ട്.

| | |
| --- | --- |
| സി) പ്രസ്തുത താമസ കേന്ദ്രങ്ങളും അനധികൃതമായി നൽകുന്ന വാടക ഇടപാടുകളും നിയമവിധേയമാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയും മറ്റു മാർഗ്ഗങ്ങളിലൂടെ വിവരങ്ങൾ ശേഖരിച്ചും ഇത്തരം താമസ സ്ഥലങ്ങൾ നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി അവയെ നിയമപരിധിക്കുള്ളിൽ കൊണ്ടുവന്ന് ആഢംബര നികുതി, പിഴ, കോമ്പൗണ്ടിംഗ് ഫീസ് എന്നിവ ഈടാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

4